19-01-2026

# പ്രസിദ്ധീകരണത്തിന്

## 1. സംസ്കൃത സർവ്വകലാശാലയിൽ എക്സ്റ്റൻഷൻ ലക്ചർ

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന എക്സ്റ്റൻഷൻ ലക്ചർ ജനവരി 20 ന് രാവിലെ 10.30 ന് ലാംഗ്വേജ് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ നടക്കും. "സാമൂഹിക പ്രവർത്തകർക്കുള്ള നിയമ സാക്ഷരത – പ്രായോഗികമായി നിയമം മനസിലാക്കൽ" എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. നോയൽ ജോസഫ് പ്രഭാഷണം നിർവ്വഹിക്കും. ഡോ. ജോസ് ആന്റണി അദ്ധ്യക്ഷനായിരിക്കും.

## 2. സംസ്കൃത സർവ്വകലാശാലയിൽ ത്രിദിന ഇന്റർനാഷണൽ കോൺഫറൻസ് 26ന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പി. എസ്. സുബ്ബരാമ പട്ടർ എൻഡോവ്മെന്റ് ത്രിദിന ഇന്റർനാഷണൽ കോൺഫറൻസ് ജനവരി 26ന് കാലടി മുഖ്യ കാമ്പസിലുള്ള അക്കാദമിക് ബ്ലോക്കിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. "ഇൻഡോളജിക്കൽ റിസർച്ചിന്റെ പുതിയ ചക്രവാളങ്ങൾ" എന്നതാണ് കോൺഫറൻസിന്റെ വിഷയം.

## 3. സംസ്കൃത സർവ്വകലാശാലയിൽ ദ്വിദിന ദേശീയ ശില്പശാല 22ന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യകാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ നടത്തുന്ന ദ്വിദിന ദേശീയ ശില്പശാല ജനവരി 22ന് ആരംഭിക്കും. "ക്രാഫ്റ്റിംഗ് ദി ഐഡിയാസ് ഓഫ് യൂണിവേഴ്സിറ്റി മ്യൂസിയം" എന്നതാണ് ശില്പശാലയുടെ വിഷയം. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ശില്പശാല ഉദ്ഘാടനം ചെയ്യും. സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ആർ. ശർമ്മിള അദ്ധ്യക്ഷയായിരിക്കും. സിൻഡിക്കേറ്റ് അംഗം. അഡ്വ. കെ. എസ്. അരുൺ കുമാർ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. സുബ്രജിത് ബാനർജി, ഡോ. കെ. ജി. സനൽ

കുമാർ, എം. കെ. അബ്ദുള്ള മജീദ് എന്നിവർ പ്രസംഗിക്കും.  ഡോ. അമിത് സോണി, ഡോ. ബി. വേണുഗോപാൽ, ഡോ. ശീതൾ സിംഗ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075